പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2974 — 18.06.2018-ൽ മറുപടിക്ക്

**സംയോജിത മത്സ്യബന്ധന വികസന പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ. കെ. ആൻസലൻ<br>,, എ. എൻ. ഷംസീർ<br>,, എം. നൗഷാദ്<br>,, ജോൺ ഫെർണാണ്ടസ് | | ശ്രീമതി. ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും അവരെ കടബാദ്ധ്യതയിൽ നിന്നും രക്ഷിക്കുന്നതിനുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ സംയോജിത മത്സ്യബന്ധന വികസന പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | സംസ്ഥാനത്ത് മത്സ്യഫെഡിന്റെ കീഴിലുള്ള പ്രാഥമിക സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്കായി സംയോജിത മത്സ്യവികസന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | മത്സ്യത്തൊഴിലാളികൾക്ക് അവരുടെ മത്സ്യവിപണന സൗകര്യങ്ങൾ വിപുലമാക്കുന്നതിന് എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് എന്നറിയിക്കാമോ; | (ബി) | സംയോജിത മത്സ്യവികസന പദ്ധതി പ്രകാരം മത്സ്യലേലത്തിനും മത്സ്യവിപണനം നടത്തുന്നതിനുമായി പ്രവർത്തന മൂലധനം നൽകിവരുന്നു. |
| (സി) | മത്സ്യത്തൊഴിലാളി മേഖലയിലെ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനുള്ള എന്തെല്ലാം കാര്യങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; | (സി) | സംയോജിത മത്സ്യവികസന പദ്ധതിയിൽ വനിതകൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പദ്ധതികൾ ഇല്ല. എന്നാൽ എൻ.ബി.സി.എഫ്.ഡി.സി. എൻ.എം.ഡി.എഫ്.സി എന്നീ ധനകാര്യ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിനായി പലിശരഹിത വായ്പ വിതരണം ചെയ്തുവരുന്നു. ആയതിന്റെ പലിശ സർക്കാരാണ് വഹിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതിക്കായുള്ള സംസ്ഥാന വിഹിതമായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ഡി) | എൻ.സി.ഡി.സി യുടെ ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി പ്രകാരം 12 കോടി രൂപ വായ്പയായും, 300 ലക്ഷം രൂപ പലിശ സബ്സിഡിയായും നടപ്പ് സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.<br><br>കൂടാതെ പലിശരഹിത വായ്പാ പദ്ധതിയുടെ പലിശ സബ്സിഡിയ്ക്കായി 225 ലക്ഷവും വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ